"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം, നവീകരണം പദ്ധതികൾ - മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുന്നതിനാവശ്യമായ ഓഫീസുകൾ തിരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.149/2025/RD തീയതി,തിരുവനന്തപുരം, 17-01-2025

---

പരാമർശം:-

1. 07.06.2023 തീയതിയിലെ സ.ഉ.(സാധാ)നം. 2163/2023/ ആർഡി നമ്പർ സർക്കാർ ഉത്തരവ്.
2. 23.06.2023 തീയതിയിലെ സ.ഉ.(സാധാ)നം. 2349/2023/ആർഡി നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.11.2023, 15.03.2024 എന്നീ തീയതികളിലെ എൽആർ/24/2020-സി(IT cell) നമ്പർ കത്തുകൾ.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2024, 06.12.2024 എന്നീ തീയതികളിലെ എൽആർ/24/2020-സി(IT cell)-Part(2) നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

സംസ്ഥാനത്ത് വിവിധ കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുന്നതിനാവശ്യമായ മോഡ്യുലാർ കോംപാക്ടറുകൾ ഇ-ടെൻഡറിൽ L1 ആയ M/s Kompress India Private Ltd എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് അനുമതി നല്കി പരാമർശം 2 പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഇ-ടെൻഡറിൽ ഉൾപ്പെട്ടിട്ടുള്ള ഓഫീസുകളും അവിടങ്ങളിൽ മോഡേൺ റെക്കോർഡ് റൂമുകൾക്കാവശ്യമായ മോഡ്യുലാർ കോംപാക്ടറുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ 1 ആയ M/s Kompress India Private Ltd എന്ന സ്ഥാപനം ക്വോട്ട് ചെയ്ത തുകയും ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഓഫീസ് | L1 തുക (നികുതി സഹിതം രൂപ) |
|---|---|---|
| 1 | ജില്ലാ കളക്ടറേറ്റ്, കോഴിക്കോട് | 9,96,108/- |
| 2 | ജില്ലാ കളക്ടറേറ്റ്, കോട്ടയം | 11,96,657/- |
| 3 | ജില്ലാ കളക്ടറേറ്റ്, ഇടുക്കി | 11,58,590/- |
| 4 | താലൂക്ക് ഓഫീസ്, നെയ്യാറ്റിൻകര | 13,21,185/- |
| 5 | താലൂക്ക് ഓഫീസ്, കാട്ടാക്കട | 12,37,729/- |
| | | |

| | | |
|---|---|---|
| 6 | താലൂക്ക് ഓഫീസ്, വർക്കല | 11,58,590/- |
| 7 | താലൂക്ക് ഓഫീസ്, കൊല്ലം | 11,92,582/- |
| 8 | താലൂക്ക് ഓഫീസ്, കൊട്ടാരക്കര | 11,58,590/- |
| 9 | താലൂക്ക് ഓഫീസ്, അമ്പലപ്പുഴ | 11,58,590/- |
| 10 | താലൂക്ക് ഓഫീസ്, ദേവികുളം | 11,58,590/- |
| 11 | താലൂക്ക് ഓഫീസ്, ഉടുമ്പൻചോല | 11,92,584/- |
| 12 | താലൂക്ക് ഓഫീസ്, പീരുമേട് | 11,58,590/- |
| 13 | താലൂക്ക് ഓഫീസ്, തൊടുപുഴ | 11,58,590/- |
| 14 | താലൂക്ക് ഓഫീസ്, അട്ടപ്പാടി | 8,29,680/- |
| 15 | താലൂക്ക് ഓഫീസ്, കോഴിക്കോട് | 11,58,590/- |
| 16 | താലൂക്ക് ഓഫീസ്, താമരശ്ശേരി | 11,58,590/- |
| 17 | താലൂക്ക് ഓഫീസ്, തലശ്ശേരി | 11,58,590/- |

2] 2021-22-ൽ ഇ-ടെൻഡറിൽ ഉൾപ്പെട്ടിട്ടുള്ള മേൽ പട്ടിക പ്രകാരമുള്ള 17 ഓഫീസുകളിൽ നിലവിൽ കോട്ടയം ജില്ലാ കളക്ടറേറ്റിൽ മറ്റുപദ്ധതിയിലുൾപ്പെടുത്തി മോഡേൺ റെക്കോർഡ് റൂമിനാവശ്യമായ മോഡുലാർ കോംപാക്ടറുകൾ സ്ഥാപിച്ചിട്ടുള്ളതും ബാക്കിയുള്ള 16 ഓഫീസുകളിൽ ആയത് നിലവിൽ സ്ഥാപിച്ചിട്ടില്ലാത്തതുമായ സാഹചര്യത്തിൽ, മുകളിൽ ചേർത്തിട്ടുള്ള 16 ഓഫീസുകളിൽത്തന്നെ മോഡേൺറെക്കോർഡ് റൂമുകൾ സ്ഥാപിച്ച് ആയതിനുള്ള ചെലവായ 1,83,55,768/-രൂപ (ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി എഴുന്നൂറ്റി അറുപത്തിഎട്ട് രൂപ മാത്രം) [1,95,52,425-11,96,657] മോഡേൺ റെക്കോർഡ് റൂമുകൾക്കായി 2023-24 വർഷം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം 3-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി.

3] തുടർന്ന്, കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (DLRMP)-ൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 2 താലൂക്കുകളിലും, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ 6 വീതം താലൂക്ക് ഓഫീസുകളിലും മോഡേൺ റെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതിന് 420 ലക്ഷം രൂപ (14*30 ലക്ഷം) വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട വിവിധ താലൂക്ക് ഓഫീസുകളിൽ മോഡേൺ റെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള കരട് പട്ടികയിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, കാട്ടാക്കട എന്നീ താലൂക്ക് ഓഫീസുകളും, കൊല്ലം ജില്ലയിലെ കൊല്ലം, കൊട്ടാരക്കര താലൂക്ക് ഓഫീസുകളും ഒഴിവാക്കാവുന്നതാണെന്ന് പരാമർശം 4-ലെ കത്തുകൾ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി.

4] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തതിൻ പ്രകാരം 2021-22 സാമ്പത്തികവർഷം പരിഗണിക്കപ്പെട്ടിട്ടുള്ളതും എന്നാൽ നാളിതുവരെ

മോഡ്യുലാർ കോംപാക്ടറുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ലാത്തതുമായ ചുവടെ ചേർക്കുന്ന 12 റവന്യൂ ഓഫീസുകളെ മോഡേൺ റെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്ത് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഓഫീസ് | L 1 തുക (നികുതി സഹിതം രൂപ) |
|---|---|---|
| 1 | ജില്ലാ കളക്ടറേറ്റ്, കോഴിക്കോട് | 9,96,108/- |
| 2 | ജില്ലാ കളക്ടറേറ്റ്, ഇടുക്കി | 11,58,590/- |
| 3 | താലൂക്ക് ഓഫീസ്, വർക്കല | 11,58,590/- |
| 4 | താലൂക്ക് ഓഫീസ്, അമ്പലപ്പുഴ | 11,58,590/- |
| 5 | താലൂക്ക് ഓഫീസ്, ദേവികുളം | 11,58,590/- |
| 6 | താലൂക്ക് ഓഫീസ്, ഉടുമ്പൻചോല | 11,92,584/- |
| 7 | താലൂക്ക് ഓഫീസ്, പീരുമേട് | 11,58,590/- |
| 8 | താലൂക്ക് ഓഫീസ്, തൊടുപുഴ | 11,58,590/- |
| 9 | താലൂക്ക് ഓഫീസ്, അട്ടപ്പാടി | 8,29,680/- |
| 10 | താലൂക്ക് ഓഫീസ്, കോഴിക്കോട് | 11,58,590/- |
| 11 | താലൂക്ക് ഓഫീസ്, താമരശ്ശേരി | 11,58,590/- |
| 12 | താലൂക്ക് ഓഫീസ്, തലശ്ശേരി | 11,58,590/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B.
സെക്ഷൻ ഓഫീസർ
Date: 18-01-2025 11:20:02